(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് വിദ്യുച്ഛക്തി ബോർഡിലെ യൂണിയനുകളും വൈദ്യുതിവകുപ്പു മന്ത്രിയുമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിരുന്നോ;

(സി) എങ്കിൽ എത്ര തസ്തിക എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കരാറിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉപഭോക്താക്കളുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ സെക്ഷാനാഫീസുകളുടെ പരിധി കാലാകാലങ്ങളിൽ പുനർനിർണ്ണയം ചെയ്യുകയും അതിൻപ്രകാരം വേണ്ട സ്റ്റാഫിനെ നിയമിക്കുകയും ചെയ്യാറുണ്ട്. ബോർഡിന്റെ പുനസംഘടനയിൽ ഇക്കാര്യങ്ങളെല്ലാം കണക്കിലെടുക്കുന്നുണ്ട്.

(ബി)&(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2.8.1995-ൽ ഒപ്പുവച്ച കരാർ പ്രകാരം താഴെ പറയുന്ന പുതിയ തസ്തികകൾ സൃഷ്ടിക്കാൻ വ്യവസ്ഥയുണ്ട്.

ഫെയർ കോപ്പി സൂപ്രണ്ട്	–	*5*
സ്വീപ്പർ	–	*50*
സ്കാവഞ്ചർ	–	*10*
വെഹിക്കിൾ സൂപ്പർവൈസർ	–	*3*

കൂടാതെ. 31.8.1995 ലെ ഉപഭോക്താക്കളുടെ എണ്ണം, ലൈനുകളുടെ നീളം തുടങ്ങിയവ കണക്കിലെടുത്ത് പുതുക്കിയ വർക്ക്നോം പ്രകാരം സ്റ്റാഫ് സ്ട്രെങ്ത് പുനർനിർണ്ണയം ചെയ്യുമെന്നും വ്യവസ്ഥയുണ്ടായിരുന്നു.

(ഡി) സ്റ്റാഫ് സ്ട്രെങ്ത് പുനർനിർണ്ണയം ചെയ്യുമെന്ന കരാറിലെ വ്യവസ്ഥയുടെ ഭാഗമായി മീറ്റർ റീഡർമാരുടെ 180 പുതിയ തസ്തികകൾ ബോർഡ് സൃഷ്ടിക്കുകയും അതിന് ഗവൺമെന്റ് അംഗീകാരം നൽകാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

119 (3302) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ താൽക്കാലിക നിയമനാടിസ്ഥാനത്തിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിയമനം ലഭിച്ച എത്രപേർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ റാങ്ക്ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചതിനുശേഷവും താൽക്കാലിക നിയമനം ലഭിച്ചവർ സർവ്വീസിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ താൽക്കാലിക നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് ആ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)താൽക്കാലിക നിയമനം നടന്നിട്ടില്ല. പാലക്കാട് ജില്ലയിൽ പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് പ്രകാരം 16 പേർക്ക് നിയമന ഉത്തരവ് നൽകിയതിൽ 6 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. കൺസ്യൂമേഴ്സിന്റെ ബുദ്ധിമുട്ട് ഒഴിവാക്കാനായി പാലക്കാട് സർക്കിളിൽ കരാർ വ്യവസ്ഥയിൽ 3 പേർ ജോലി ചെയ്യുന്നുണ്ട്.

(സി) ഇപ്പോൾ 184 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിട്ട് പകരം ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതാണ്.

120 (3303) വൈദ്യുതി ബോർഡിലെ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിലെ സബ് എഞ്ചിനീയർ തസ്തികയിൽ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) 17/2/99-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ വൈകുന്നതെന്തുകൊണ്ടാണ്;

(സി) എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഇനിയെത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യാനുള്ളത്;

(ഇ) പി.എസ്.സി. അഡ്വൈസ് ചെയ്തവർക്ക് നിയമന ഉത്തരവ് നൽകാൻ കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ടാണ്;

(എഫ്) പി.എസ്.സി. ലിസ്റ്റിൽ നിലവിലുള്ള മുഴുവൻ പേർക്കും ഉടൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 61 ഒഴിവുകൾ.

(ബി) അഡ്വൈസ് ലഭിച്ചിട്ടുള്ള എല്ലാവർക്കും 22/5/99-ന് നിയമന ഉത്തരവ് നൽകിക്കഴിഞ്ഞു.

സി) 266 ഒഴിവുകൾ.

(ഡി) ഇനി ഒഴിവുകളൊന്നും റിപ്പോർട്ടു ചെയ്യാനില്ല.

(ഇ) കാലതാമസം ഉണ്ടായിട്ടില്ല.

(എഫ്) ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലിസ്റ്റ് സ്വീകരിച്ച് നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly